യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചുകൊണ്ട് പ്രവാസി സ്വാശ്രയയിലെ അംഗങ്ങൾക്ക് തികച്ചും സൗജന്യമായി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ പ്രീമിയം റൂട്ട്സ് അടയ്ക്കുന്നതാണ്. പ്രവാസി സുരക്ഷാ പദ്ധതിയിലെ അനുബന്ധ ഘടകങ്ങളും ഈ പദ്ധതിയിലെ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

(സി) ഈ പദ്ധതി പൂർണ്ണമായും താഴ്ന്ന വരുമാനക്കാരായ പ്രവാസി മലയാളികളെ ഉദ്ദേശിച്ചുള്ളതാണ്. സാമ്പത്തികമായി വിവിധ തലങ്ങളിൽ നിൽക്കുന്നവരുടെയും വിവിധ ക്രയശേഷിയുള്ളവരുടെയും ആവശ്യകതയുടെ അടിസ്ഥാനത്തിലും ഒരു നിശ്ചിത വരുമാനം ഉറപ്പു നൽകുന്ന രീതിയിലുമാണ് പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്.

'വർൾച്ചമൂലം ഉണ്ടായ നഷ്ടം'

*12 [131] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

., ടി. കെ. ബാലൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയിലുണ്ടായ നഷ്ടം എത്രയാണ്; ഉൽപ്പാദന തകർച്ചയും വിളനഷ്ടവും സംഭവിച്ച കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തുണ്ടായ വരൾച്ചയെ നേരിടുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്;

(ഡി) രൂക്ഷമായ വരൾച്ചയെ തുടർന്ന് സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളെയാണ് വരൾച്ചാബാധിത ജില്ലകളായി പ്രഖ്യാപിച്ചത്;

(ഇ) വരൾച്ചയെ നേരിടുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയുടെ സഹായമാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; കേന്ദ്രസഹായം ലഭിക്കുന്നതിന് സർക്കാർ നിവേദനം സമർപ്പിച്ചിരുന്നോ; എങ്കിൽ എത്ര കോടി രൂപയുടെ സഹായമാണ് ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്താമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്. മൊത്തം 2,844.90 കോടി രൂപയുടെ നഷ്ടം വിവിധ മേഖലകളിലായി സംഭവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക മേഖലയിൽ മൊത്തം 1,479.2 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വരൾച്ചമൂലം വിളനഷ്ടം സംഭവിച്ച കർഷകരുടെ കാർഷിക കടം സംബന്ധിച്ചുള്ള ജപ്തി നടപടികൾ 6 മാസത്തേക്ക് നിർത്തിവച്ചു. കൂടാതെ വയനാട് ജില്ലയിലെ വരൾച്ചമൂലം കഷ്ടപ്പെടുന്ന കൃഷിക്കാർക്കും കർഷക തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിച്ചു.

കൃഷിനാശം സംബന്ധിച്ചുള്ള വരൾച്ചാ ദുരിതാശ്വാസ ധനസഹായം ഇരട്ടിയാക്കി വർദ്ധിപ്പിച്ച് ഉത്തരവാകുകയും എത്രയും പെട്ടെന്ന് അർഹരായ കർഷകർക്ക് വിതരണം ചെയ്യുകയുമുണ്ടായി.

(സി) വരൾച്ച നേരിടുന്നതിന് മുൻകരുതൽ എന്ന നിലയിൽ നിലവിലുള്ള കിണറുകളുടേയും കുളങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തുകയും, ജല സ്രോതസ്സുകൾ നവീകരിക്കുകയും, കുഴൽ കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും, കുടിവെള്ളക്ഷാമം അതിരൂക്ഷമായ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു.

(ഡി) തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 11 ജില്ലകളെ 1965-ലെ കേരള 'ഫാമിൻ റിലീഫ് ഫണ്ട് റൂൾസ്' പ്രകാരം വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ജില്ലകളിൽ ഭാഗികമായും വരൾച്ച ബാധിതങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) 49.04 കോടി രൂപ അനുവദിച്ചു എങ്കിലും തുക ഇതുവരേയും ലഭിച്ചിട്ടില്ല. വരൾച്ചാ ദുരിതാശ്വാസമായി കേന്ദ്രത്തോട് രണ്ട് തവണകളിലായി ആകെ 2844.90 കോടി രൂപ ആവശ്യപ്പെടുകയുണ്ടായി.

ഭൂമി കയ്യേറ്റവും വ്യാജപട്ടയ നിർമ്മാണവും

*13 [132] ശ്രീ. എ. സി. മൊയ്തീൻ:

,, കെ. കെ. ജയചന്ദ്രൻ:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി കയ്യേറ്റവും വ്യാജ പട്ടയ നിർമ്മാണവും വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വ്യാജപട്ടയ നിർമ്മാണത്തിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly